# കെ കെ എം ജി വി എച്ച് എസ്സ് എസ്സ്

## ഇലിപ്പക്കുളം പി ഒ , ആലപ്പുഴ ജില്ല



# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

# ഉള്ളടക്കം


- ഉള്ളടക്കം
- ആമുഖം
- പ്രൊഫൈൽ
- വിദ്യാലയം -ചരിത്രം നാൾ വഴി
- ലക്ഷ്യങ്ങൾ
- സങ്കലിത വിദ്യാഭ്യാസം

  ശക്തികൾ,പരിമിതികൾ
- വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള സംവിധാനങ്ങൾ
- അക്കാദമിക മാസ്റ്റർ പ്ലാൻ -

  എച്ച്. എസ്., യു. പി. വിഭാഗം
- മലയാളം
- അറബിക്
- ഇംഗ്ലീഷ്
- ഹിന്ദി
- അടിസ്ഥാന ശാസ്ത്രം
- സാമൂഹ്യ ശാസ്ത്രം
- ഗണിതം
- ആരോഗ്യ കായിക വിദ്യാഭ്യാസം
- ഭക്ഷണം, ശുചിത്വം, ആരോഗ്യം
- കല, സാംസ്കാരികം

# ആമുഖം

കേരളത്തിന്റെ, നമ്മുടെ രാജ്യത്തിന്റെ വികസനങ്ങളിൽ നിർണ്ണായക പങ്കാണ് പൊതുവിദ്യാഭ്യാസത്തിനുള്ളത്. ഈ മേഖലയുടെ വളർച്ചയും മുന്നേറ്റവുമാണ് കേരളത്തെ മികവിലേക്ക് നയിക്കുന്ന ശക്തിയാവുക. ഈ വസ്തുത തിരിച്ചറിഞ്ഞു കൊണ്ട് സംസ്ഥാന സർക്കാരും വിദ്യാഭ്യാസ വകുപ്പും മുന്നോട്ടുവെച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം . കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും പാരിസ്ഥിതികവും സർഗാത്മകവുമായ അവകാശം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങളായ അവസരസമത്വം, മതേതരത്വം, ശാസ്ത്രബോധം, പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള അനുകൂല മനോഭാവം, കുട്ടികളുടെ അവകാശനിയമം, വിദ്യാഭ്യാസ അവകാശനിയമം എന്നിവ ഉറപ്പാക്കുന്നതിനും നാം പ്രതിജ്ഞാബദ്ധരാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ ഹൈടെക് സൗകര്യങ്ങൾ ഉറപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ഇലിപ്പക്കുളം കെ.കെ.എം.ഗവ.ഹയർസെക്കൻഡറി സ്കൂൾ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തയ്യാറാക്കിയ വികസന പദ്ധതി ഇവിടെ സമർപ്പിക്കുകയാണ്. ഇത് ഒരു സാമൂഹിക രേഖയാണ്. പൊതുവിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന ഓരോരുത്തരുടെയും വിലയേറിയ നിർദ്ദേശങ്ങളും നവീന പദ്ധതി സംബന്ധിച്ച കാഴ്ചപ്പാടുകളും ഞങ്ങൾ കാത്തിരിക്കുന്നു. പദ്ധതി നിർവഹണത്തിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കണം. സുതാര്യവും മികവുറ്റതുമായ നിർവ്വാഹണരീതിയാണ് കമ്മിറ്റി ലക്ഷ്യം വെക്കുന്നത്. നമ്മുടെ നാട്ടിലെ ഓരോ കുട്ടികളും അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും നൈപുണികളും ശേഷികളും നേടുന്നതിനാവശ്യമായ അവസരമൊരുക്കാനുള്ള സംഘടിത ശ്രമത്തിന് താങ്കളുടെ പൂർണ്ണമായ പിന്തുണയും സഹകരണവും വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ വികസനപദ്ധതി രേഖ സാഭിമാനം കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തകർക്കു മുന്നിൽ സമർപ്പിക്കുന്നു.

എന്ന്

# പ്രൊഫൈൽ

| | | |
|---|---|---|
| പേര് | - | കെ കെ എം ജി വി എച്ച് എസ് എസ് |
| സ്ഥലം | - | ഇലിപ്പക്കുളം |
| പോസ്റ്റോഫീസ് | - | ഇലിപ്പക്കുളം |
| പിൻകോഡ് | - | 690 503 |
| ജില്ല | - | ആലപ്പുഴ |
| Email ID | - | kkmgvhsselippakulam@gmail.com |
| Fb | - | Vattaykkattu School Elippakulam |
| School code | - | 36015 |
| UDISE CODE | - | 32110601102 |
| വില്ലേജ് | - | വള്ളികുന്നം |
| ഗ്രാമ പഞ്ചായത്ത് | - | വള്ളികുന്നം |
| ക്ലസ്റ്റർ | - | ജി. എൽ. പി. എസ്.ഇലിപ്പക്കുളം |
| ബ്ലോക്ക് പഞ്ചായത്ത് | - | ഭരണിക്കാവ് |
| ജില്ലാ പഞ്ചായത്ത് | - | ആലപ്പുഴ |
| ഹെഡ്മിസ്ട്രസ് | - | ശ്രീമതി സല്ലജ കെ എൽ |
| മൊബൈൽ നമ്പർ | - | 9846633289 |
| വാർഡ് മെമ്പർ | - | ശ്രീ. ജി. രാജീവ് കുമാർ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | - | ശ്രീ. കെ. വി. അഭിലാഷ് കുമാർ |
| ജില്ലാ പഞ്ചായത്ത് മെമ്പർ | - | ശ്രീ. അഡ്വ. ബിപിൻ സി. ബാബു |
| എസ്. എം. സി. ചെയർമാൻ | - | ശ്രീ. കെ. വി അഭിലാഷ്കുമാർ |
| പ്രിൻസിപ്പാൾ(എച്ച്. എസ്. എസ്) | - | ശ്രീ. ഗിരീഷ് (പ്രിൻസിപ്പൽ ഇൻ ചാർജ്) |
| പ്രിൻസിപ്പാൾ(വി.എച്ച്. എസ്.എസ്) | - | ശ്രീ.ഹരി കെ. ആർ. |

# വിദ്യാലയ ചരിത്രം

## സ്കൂൾ വികസനം - നാൾ വഴി



ഏകദേശം 100 വർഷങ്ങൾക്കു മുൻപ് പെൺപള്ളിക്കൂടം എന്ന പേരിൽ വട്ടസ്ലാട് ദേവി ക്ഷേത്രത്തിനു വടക്കുവശം എലുവക്കാട്ട് പുരയിടത്തിൽ ദേശപ്രമാണിമാരുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. പിന്നീട് സാമൂഹിക പ്രവർത്തകരുടെ ശ്രമഫലമായി നിരവധി സമരങ്ങളിലൂടെ ദേവസ്വം വക വസ്തു നേടിയെടുക്കുകയും സ്കൂൾ ഇന്ന് നിലനിൽക്കുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. ആരംഭ കാലത്ത് തന്നെ ഇംഗ്ലീഷ് മീഡിയം കൂടിയുണ്ടായിരുന്നു എന്ന പ്രത്യേകത എടുത്തു പറയേണ്ടതാണ്. 1957 ൽ ഹൈസ്കൂൾ ആയി ഉയർത്തപ്പെടുകയും പിന്നീട് 1992 ൽ വൊക്കേഷണൽ ഹയർ സെക്കൻഡറിയും 1998 ൽ ഹയർസെക്കൻഡറിയും കൂട്ടിച്ചേർത്ത് ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേരുകയും ചെയ്തു. കാമ്പിശ്ശേരി കരുണാകരൻ, തോപ്പിൽ ഭാസി, സി.കെ. കുഞ്ഞിരാമൻ, ടി.കെ. ദേവൻ തുടങ്ങിയ നിരവധി പ്രശസ്തരുടെ ശ്രമഫലമായാണ് ഈ സ്കൂൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.സാധാരണക്കാരന് ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോട് കൂടി സ്ഥാപിക്കപ്പെട്ട ഇലിപ്പക്കുളം ഗവൺമെന്റ് ഹൈസ്കൂൾ 1997-ൽ കാമ്പിശ്ശേരി കരുണാകരൻ മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂൾ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

സാമൂഹികമായും സാമ്പത്തികമായും വളരെയധികം പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്തിന്റെ ഉന്നമനത്തിന് ഈ സ്കൂൾ വളരെയധികം പങ്കുവഹിച്ചിട്ടുണ്ട്.നിലവിൽവള്ളികുന്നം,താമരക്കുളം,കൃഷ്ണപുരം,ഭരണിക്കാവ് എന്നീ നാല് പഞ്ചായത്തുകളിലെ ഏക സർക്കാർ വിദ്യാലയം ആണിതെങ്കിലും സ്ഥലപരിമിതിയും ക്ലാസ് മുറികളുടെ അപര്യാപ്തതയും സ്കൂൾ വികസനത്തിന് വിലങ്ങു തടിയായി നിലനിൽക്കുന്നു. ഈ പ്രതിസന്ധികളെയെല്ലാം തരണം ചെയ്തുകൊണ്ട് ഈ പ്രദേശത്തെ സാധാരണക്കാർക്ക് വിദ്യാഭ്യാസ പുരോഗതി കൈവരിക്കുന്നതിന് കാമ്പശ്ശേരി കരുണാകരൻ മെമ്മോറിയൽ വൊക്കേഷൻ ഹയർ സെക്കൻഡറി സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു........

**സൗജന്യവും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനാൽ പ്രദേശവാസികൾക്ക് ഈ സ്കൂളിനോടുള്ള ആഭിമുഖ്യം സ്കൂൾ വികസനത്തിന് മികച്ച പ്രോത്സാഹനം നൽകുന്നുണ്ട്. സബ്ജില്ല, ജില്ലാ സംസ്ഥാന കലാകായികമേളകളിൽ എല്ലാ വർഷവും സ്കൂൾ മികച്ച വിജയം കൊയ്യുന്നുണ്ട്. മികച്ച വിദ്യാലയത്തിനുള്ള വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം തുടർച്ചയായി നേടിയത് ഈ സ്കൂളിലെ പാഠ്യ പാഠ്യേതര വിഷയങ്ങളിലുള്ള മികവ് തെളിയിക്കുന്നുണ്ട്. എസ്സ്.എസ്സ്.എൽ.സി, ഹയർസെക്കൻഡറി, വി.എച്ച്.എസ്.ഇ. എന്നിവയിലെ ഉയർന്ന വിജയശതമാനം എല്ലാവർഷവും സ്കൂളിന്റെ യശസ്സ് ഉയർത്തുന്നതോടൊപ്പം തുടർന്നും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനുള്ള ഊർജ്ജം പകർന്നു നൽകുകയും ചെയ്യുന്നു.**

# ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടികളുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ(2005) നിർദ്ദേശങ്ങളും പ്രക്രിയ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം(2009) മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണയിച്ചിട്ടുള്ളത്.

- 5 മുതൽ 12 വരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടികളുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. (പഠന വിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം.) കലാകായിക പ്രവൃത്തി പരിചയത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം. സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം, മാലിന്യ നിർമാർജ്ജനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്നുഭാഷയിലെങ്കിലും ആശയവിനിമയ ശേഷി നേടണം.
- എല്ലാകുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
- ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

- ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ക്ലാസ് മുറികളിൽ ഐ.സി.ടി. അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കും.
- പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യ പദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
- പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
- സ്കൂൾ ലൈബ്രറി,ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.
- ദിനാചരണങ്ങൾ ,ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശിൽപശാലകൾ ,വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമാർജ്ജനം -എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.

# സങ്കലിത വിദ്യാഭ്യാസം

ഭിന്നശേഷിക്കാരായ കുട്ടികളോടുള്ള മനോഭാവം അനുകമ്പയിൽ നിന്ന് അനുതാപത്തിലേക്ക് പരിണമിക്കേണ്ടതായിട്ടുണ്ട്.അവരുടെ ആത്മ വിശ്വാസവും ആത്മാഭിമാനവും വളർത്തുന്ന പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ നടപ്പാക്കേണ്ടതുണ്ട് .എല്ലാ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെയും സർവ്വതോൻമുഖമായ വളർച്ച ലക്ഷ്യം വെച്ചുള്ളതാണ് നമ്മുടെ പാഠ്യ പദ്ധതി. ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനാവശ്യങ്ങൾ ഫലപ്രദമായി നടത്തുന്നതിന് റിസോഴ്സ് അധ്യാപകരുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല. ഓരോ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും ഫലപ്രദമായ പരിഗണന ലഭിക്കുന്നില്ല.അനുരൂപീകരണ സാധ്യതകൾ പ്രയോജനപ്പെടുത്താൻ അധ്യാപകർക്ക് കഴിയുന്നില്ല.ഇത്തരം കുട്ടികൾക്ക് അനുയോജ്യമായ പഠ നാനുഭവങ്ങൾ ലഭിക്കുന്നില്ല. കുട്ടിയുടെ പഠന പുരോഗതി വിലയിരുത്തുന്നതിനുള്ള ഉപാധികളുടെയും തന്ത്രങ്ങളുടെയും അഭാവത്തിൽ വിലയിരുത്തൽ ഫലപ്രദമാകുന്നില്ല. കൃത്യമായ ഇടവേളകളിൽ മെഡിക്കൽ പരിശോധന നടത്തുന്നില്ല ഇത് കുട്ടിയുടെ പുരോഗതി വിലയിരുത്താൻ തടസ്സമാകുന്നു.

പരിഹാര നിർദ്ദേശം

- ആവശ്യമായ റിസോഴ്സ് ടീച്ചർമാരെ നിയമിക്കുക
- ഭിന്ന നിലവാരം പരിഗണിച്ച് പഠന സാമഗ്രികൾ ലഭ്യമാക്കുക.
- അനുരൂപീകരിച്ച പാഠ്യപദ്ധതി പാഠപുസ്തക പ്രക്രിയ എന്നിവ തയ്യാറാക്കുക.
- അനുരൂപീകരണ ശില്പശാലകൾ സംഘടിപ്പിക്കുക.
- ഓരോ ടേമിലും മെഡിക്കൽ ടെസ്റ്റ് നടത്തി കുട്ടിയുടെ പുരോഗതി നിർണയിക്കൽ.
- സർഗാത്മകവും കായികവുമായ മേഖലയ് ക്കും യാത്രകൾക്കും അവസരം ഒരുക്കൽ

# ശക്തികൾ

- പ്രവർത്തന നിരതമായ എസ്.എം.സി
- നേതൃത്വ പാടവമുള്ള പ്രഥമ അധ്യാപിക
- ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന ഉയർന്ന യോഗ്യതയുള്ള അധ്യാപകർ
- നിരന്തര മൂല്യനിർണയവും ക്ലാസ് പിടിഎയും
- പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവമാകാൻ എൻഎസ്എസ് എസ് എസ് പി സി എൻ സി സി ജെ ആർ സി സ്കൗട്ട് ആൻഡ് ഗൈഡ്സ് സോഷ്യൽ സർവീസ് സ്കീം ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ യൂണിറ്റുകൾ
- എൻ. എം .എം .എസ് ,യു .എസ് .എസ്, എൽ .എസ് .എസ് തുടങ്ങിയ മത്സര പരീക്ഷകളുടെ പരിശീലനവും ഓരോ വർഷവും ഉന്നത വിജയവും
- തുടർച്ചയായി എസ്എസ്എൽസി പരീക്ഷയ്ക്ക് 100% വിജയം
- ഹയർസെക്കൻഡറി,വൊ ക്കേഷണൽ ഹയർ സെക്കൻഡറി ജില്ലയിൽ തന്നെ മികച്ച വിജയം
- ശ്രദ്ധ,ഒപ്പം ഉയരാം പോലുള്ള പഠന പിന്തുണ പ്രവർത്തനങ്ങൾ
- കുട്ടികൾക്ക് ഇംഗ്ലീഷ് പ്രാവീണ്യം നേടാനായി ഹലോ ഇംഗ്ലീഷ്
- കുട്ടികൾക്ക് ഗണിതം എളുപ്പമാക്കാനായി അവധി ദിനങ്ങളിൽ ഗണിതശാസ്ത്ര ശില്പശാലകൾ.
- മികച്ച കായിക പരിശീലനം - സ്പോർട്സ് ആൻഡ് ഗെയിംസ്
- കുട്ടികളുടെ ശാരീരിക മാനസിക സാമൂഹിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ടീൻസ് ക്ലബ്ബും കൗൺസിലിംഗ് ക്ലാസുകളും.
- പാഷൻ ഇൻ ഫാഷൻ - വർക്ക് എജുക്കേഷന്റെ ഭാഗമായി പെൺകുട്ടികൾക്ക് തയ്യൽ പരിശീലനം, ഫ്ലവർ മേക്കിങ്, ബൊക്കെ നിർമ്മാണം തുടങ്ങിയവ
- പോഷകസമൃദ്ധമായ ഉച്ചഭക്ഷണം
- ശുദ്ധീകരിച്ച കുടിവെള്ള സംവിധാനം
- I ലാബ്, ജിയോ ലേണിംഗ് ലാബ്- 100 പ്രക്രിയ അധിഷ്ഠിത പഠനാശയങ്ങൾ ലക്ഷ്യം
- ആയിരക്കണക്കിന് പുസ്തക ശേഖരമുള്ളലൈബ്രറി
- മാതൃഭൂമി സീഡ് ക്ലബ്ബ് ശ്രേഷ്ഠ ഹരിത വിദ്യാലയ പദവി നേടി
- സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ജൈവവൈവിധ്യ ഉദ്യാനം, ശലഭപാർക്ക്, ന്യൂട്രീഷനൽ ഗാർഡൻ
- യു.പി,എച്ച്.എസ് കമ്പ്യൂട്ടർ ലാബ്.

# പരിമിതികൾ

# ക്ലാസ് മുറികളുടെ അപര്യാപ്തത

# വാഹനസൗകര്യക്കുറവ്

# ലാബുകൾ,റീഡിങ്റൂം എന്നിവയ്ക്ക് അസൗകര്യം

# ആഡിറ്റോറിയം, ഡൈനിങ് ഹാൾ എന്നിവയുടെ അപര്യാപ്തത

#കലാ പഠനത്തിന് അവസരമില്ല

#ഭിന്നശേഷിക്കാരായ കുട്ടികൾക്ക് റിസോഴ്സ് അധ്യാപകരുടെ വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല

#കലാ സാംസ്കാരിക പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന് ഭൗതിക -അക്കാദമിക സൗകര്യക്കുറവ്

#കളിസ്ഥലം വെള്ളക്കെട്ടിൽ

#ഇടുങ്ങിയ ശോചനീയ പാചകപ്പുര

# വിദ്യാലയപ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള സംവിധാനങ്ങൾ

| വിഭാഗം | പ്രവർത്തനം |
| --- | --- |
| സ്കൂൾ വികസന സമിതി | സ്കൂളിന്റെ വികസന പ്രവർത്തനങ്ങളിൽ കാര്യമായ പങ്കുവഹിക്കുന്നു |
| എസ് എം സി | അടിയന്തിര സാഹചര്യങ്ങളിൽ എസ് എം സി കൂടി കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനമെടുക്കുന്നു. സജീവ പങ്കാളിത്തം |
| എസ് ആർ ജി | സ്കൂളിലെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സഹായകമായ പ്രവർത്തനങ്ങളുടെ ആസൂത്രണം, സ്കൂൾതല പ്രവർത്തനങ്ങളുടെ ഏകോപിപ്പിക്കൽ, ക്ലാസ് പ്രവർത്തനങ്ങളിൽ പഠന നേട്ടങ്ങൾ നേടാൻ പ്രയാസം നേരിടുന്ന കുട്ടികളെയും മേഖലകളെയും കണ്ടെത്തി പ്രശ്ന പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ, കുട്ടി നേടേണ്ട പഠന നേട്ടങ്ങൾ നേടാനായി ആവശ്യമായ പഠന പിന്തുണ നൽകൽ, അധ്യാപകശാക്തീകരണം,ക്ലാസ് PTA മെച്ചപ്പെടുത്തൽ, വിദ്യാലയ മികവുകൾ ഡോക്യുമെന്റ് ചെയ്ത് സമൂഹത്തെയും അക്കാദമിക സ്ഥാപനങ്ങളേയും ബോധ്യപ്പെടുത്തൽ |
| ഉച്ചഭക്ഷണ കമ്മിറ്റി | ഉച്ചഭക്ഷണത്തിലുള്ള മെനു തയ്യാറാക്കൽ ഭക്ഷണം പാചകം ,വിതരണം ,രുചി ഗുണമേന്മ ,ശുചിത്വം എന്നിവയിൽ കൃത്യമായമേൽനോട്ടം |
| ഡിസിപ്ലിൻ കമ്മിറ്റി | സ്കൂൾ അച്ചടക്കം, കുട്ടികളുടെ സ്വഭാവരൂപീകരണം എന്നിവയിൽ ശ്രദ്ധ പുലർത്തുന്നു |
| ബസ് കമ്മിറ്റി | സ്കൂൾ ബസ്സിലെ സുഖമായി നടത്തിപ്പ് |
| വിവിധ ക്ലബ്ബുകൾ | വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ |

# UP മലയാളം 2025-26

| ലക്ഷ്യം | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1.ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ കവിത യാത്രാനുഭവം അനുഭവക്കുറിപ്പ് ) അവതരിപ്പിക്കുന്നു. | കുട്ടികൾ നോട്ടുബുക്കിൽ കുറിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം **വാർത്താ ലോകത്തേക്ക്** പത്രം ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശേഷി വളർത്തുകയും ചെയ്യുന്നു | അമ്മ മലയാളം ,ശ്രദ്ധ ക്ലാസ് | എല്ലാ ദിവസവും | മലയാളം അധ്യാപകർ |

| | | | | |
|---|---|---|---|---|
| | വാർത്താ വായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്ന ക്ലാസ് നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | ക്ലാസിലും അസംബ്ലിയിലും അവതരിപ്പിക്കാനുള്ള അവസരം<br>വിജ്ഞാനച്ചെപ്പ് മത്സരം | എല്ലാ ആഴ്ചയിലും | മലയാളം അധ്യാപകർ<br>വിജ്ഞാനച്ചെപ്പ് കോഡിനേറ്റർ |
| 3.സാഹിത്യകൃതികളോടും സാഹിത്യകാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം<br>സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദവും സംഘടിപ്പിക്കുന്നു | വായന വാരാചരണ പ്രവർത്തനങ്ങൾ വൈക്കം മുഹമ്മദ് ബഷീർ ദിനം മറ്റ് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്നു | | വിദ്യാരംഗം കൺവീനർ |
| 4.മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗാത്മകശേഷി വളർത്തലും | ഇ - കമ്പ്യൂട്ടറിംഗ് :<br>മുഴുവൻ കുട്ടികളെയുംമലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | ഐടി പീരീഡ് പ്രയോജനപ്പെടുത്തുന്നു | അക്കാദമികവർഷം | IT അധ്യാപകർ |

| | | | | |
|---|---|---|---|---|
| 5.പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം: പാഠഭാഗവുമായി ബന്ധപ്പെട്ട ചോൽ കാഴ്ചകൾ നാടകങ്ങൾ ഇടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br><br>വിദഗ്ധരായ നാടകനടൻമാരെയും കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ നടത്തുന്നു. വീഡിയോ തയ്യാറാക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഭാഗമായി ചെയ്യുന്നു | അക്കാദമികവർഷം | മലയാളം അധ്യാപകർ |
| 6.കെ കെ എം എഫ് എം | വിശേഷദിനങ്ങളും ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്ന വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. | കുട്ടികളെ കണ്ടെത്തി ചുമതല നൽകുന്നു | അക്കാദമികവർഷം | മലയാളം അധ്യാപകർ<br><br>വിവിധ ക്ലബ്ബ് കൺവീനർമാർ |

KKMGVHSS, Elippakulam

# 🌟 Academic Master Plan for UP Students-English

## 🎯 Objectives

- To build confidence and fluency in English communication.
- To develop clear and active listening habits.
- To enhance vocabulary, pronunciation, and comprehension.
- To strengthen sentence formation, grammar usage, and creative expression.

---

## 📅 Term-wise Breakdown

### Term 1 (June – October): FOUNDATION STAGE

Focus: Exposure, Confidence-Building, Vocabulary

#### 🔊 Listening

- Daily 5-minute listening practice using **audio stories/songs**
- Play **"Listen & Act"** games
- Weekly **listening comprehension worksheet** based on short audio

#### 🗣 Speaking

- **Daily conversation practice** (e.g., greetings, self-introduction, weather talk)
- Weekly **"Show and Tell"** activity
- Practice **tongue twisters**, rhymes, and dialogues

#### 📖 Reading

- Start with **graded readers** (storybooks with pictures)
- **Read Aloud Sessions** twice a week
- Weekly **library period** with a reading log

#### ✍ Writing

- Practice **sentence formation** with picture prompts
- Introduce **paragraph writing**: "My School", "My Pet", etc.
- **Vocabulary notebook**: 5 new words per week with meanings and usage

---

- Encourage **independent reading**
- **Book review** presentations
- Prepare for **literary quiz** and vocabulary games

✍ **Writing**

- Creative writing: **stories, letters, diary entries**
- Prepare and write **articles for school magazine**
- **Peer editing** and feedback sessions

---

## 📓 Weekly Activity Plan

| Day | Listening | Speaking | Reading | Writing |
|---|---|---|---|---|
| Monday | Audio story | Greeting practice | Poem reading | Word journal |
| Tuesday | Instructions game | Tongue twister | Textbook passage | Sentence writing |
| Wednesday | Dictation | Role-play | Read-aloud | Guided paragraph |
| Thursday | Audio quiz | Group talk | Library | Essay writing |
| Friday | Song/chant | Show & tell | Newspaper reading | Creative writing |

---

## 🧠 Assessment & Monitoring

| Skill | Assessment Method |
|---|---|
| Listening | Oral Q&A, Worksheets, Dictation |
| Speaking | Observation checklist, Rubrics, Presentations |
| Reading | Reading log, Comprehension Q&A |
| Writing | Portfolio, Writing rubrics, Grammar test |

---

## 🛠 Tools & Resources

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്,സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ - സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

# അറബിക് ഭാഷാപഠനം - വാർഷിക പദ്ധതി

**ലക്ഷ്യങ്ങൾ**

- അറബി ഭാഷാപഠനം ലളിതവും രസകരവും ആക്കിമാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- എല്ലാ കുട്ടികൾക്കും അറബിഭാഷ എഴുതാനും വായിക്കുവാനുമുള്ള കഴിവ് വളർത്തുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ നേടിയെന്നു ഉറപ്പാക്കുക.
- നിരന്തര മൂല്യനിർണയത്തിലൂടെ പഠന പുരോഗതി വിലയിരുത്തി തുടർപ്രവർത്തങ്ങളുടെ ആസൂത്രണം.
- ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച് പഠന നേട്ടങ്ങൾ കൈവരിക്കുക.
- കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കുക.

| പ്രവർത്തനം | വിവരണങ്ങൾ | കാലയളവ് | ചുമതല /മോണിറ്ററിങ് |
|---|---|---|---|
| അറബിക് ലൈബ്രറി. | ലളിതമായ പുസ്തക ലൈബ്രറി, കഥ, പദ്യബുക്ക്, ക്വിസ് ബുക്ക്, പദപയറ്റ് ബുക്ക്, നിഘണ്ടു. | ജൂൺ മുതൽ | അധ്യാപകൻ രക്ഷിതാക്കൾ പൂർവവിദ്യാർത്ഥികൾ പ്രധാനാധ്യാപിക. |
| അറബിക് ക്ലബ്. | കുട്ടികളുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു മാസിക നിർമ്മാണം, നിഘണ്ടു നിർമ്മാണം, സർഗ്ഗവാസനകൾ കണ്ടെത്തുന്നു, ആസ്വദിക്കുന്നു. എല്ലാവരുടെയും പങ്കാളിത്തം. | ജൂലൈ മുതൽ | അധ്യാപകൻ, പ്രധാനാധ്യാപിക. |
| നല്ല മത്സരങ്ങൾ പ്രതിഭകൾക്ക് | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടവിഷയ | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ. |

| | | | |
|---|---|---|---|
| മാത്രം വിജയം പോര, എല്ലാവരും വിജയിക്കുക എന്നതിലേക്ക് വ്യത്യസ്ഥ മത്സരങ്ങൾ. | ങ്ങളിൽ ക്വിസ് മത്സരം, പദ നിർമ്മാണം, പദ കേളി, ഗദ്ധ്യവായന, കഥ പറയൽ, സംഭാഷണം, പ്രസംഗം മുതലായവ. | | |
| ദിനാചാരണ ങ്ങൾ. | ദിനാചാരങ്ങളിൽ പോസ്റ്റർ, ക്വിസ് മത്സരങ്ങൾ നടത്തുന്നു. | സെപ്റ്റം ബർ | അധ്യാപകൻ, കുട്ടികൾ. |
| ICT ഉപയോഗം കൂടുതൽ കാര്യക്ഷമാ മായി ഉപയോഗി ക്കുന്നു. | സംഭാഷണം, ചിത്രീകരണം, കഥ, കവിത, എന്നിവ കുട്ടികളിലേക്ക് എത്തിക്കുന്നു. | ഒക്ടോബ ർ | അധ്യാപകൻ, അറബിക് ക്ലബ്. |
| അറബിക് അസ്സംബ്ലി. | എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചു വാർത്ത മഹത് വചനങ്ങൾ, ചിന്താ വിഷയം. | നവംബർ | അധ്യാപകൻ, കുട്ടികൾ. |
| അറബിക് ഫെസ്റ്റ്. | അറബിക് ദിനത്തിൽ ഒരു ഫെസ്റ്റ് ഉൽഘാടനം, ആദരിക്കൽ, സമ്മാനദാന ചടങ്ങ്. | ഡിസംബ ർ | അധ്യാപകൻ, പ്രധാനധ്യാപകൻ , അറബിക് ക്ലബ്. |
| സ്കൂൾ കലോത്സവം. | അറബി പഠിക്കുന്ന എല്ലാവരെയും മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു. പ്രതിഭകളെ കണ്ടെത്തുന്നു. | ജനുവരി | പ്രധാനാധ്യാപിക, അധ്യാപകർ, അറബിക് ക്ലബ്, കുട്ടികൾ. |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലഭാഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്ലബ്ബ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

അക്കാദമിക മാസ്റ്റർപ്ലാൻ

കെ.കെ.എം.ജി.വി.എച്ച്.എസ്സ്

ഇലിപ്പക്കുളം

മേഖല ഭാഷാപഠനം

ഉപമേഖല ഹിന്ദി ഭാഷാപഠനം

## ലക്ഷ്യങ്ങൾ

- ഹിന്ദി ഭാഷയെ അറിയാനും താൽപ്പര്യം വളർത്തിയെടുക്കാനുമുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുക
- എല്ലാകുട്ടികൾക്കും ഹിന്ദി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക
- ഓരോ യൂണിറ്റിലും ലഭ്യമാകേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും എത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ട പ്രവർത്തനങ്ങൾ
- ആസൂത്രണം ചെയ്യുക
- ഹിന്ദി ഭാഷാ സ്നേഹവും ആശയവിനിമയവുംവളർത്തിയെടുക്കുക

## പ്രവർത്തനങ്ങൾ

- ഹിന്ദി ക്ലാസ്സ് ലൈബ്രറി
- എല്ലാ കുട്ടികൾക്കും ഹിന്ദി തിരിച്ചറിയൽകാർഡ്
- ഹിന്ദി അസംബ്ലി(ആഴ്ചയിൽ ഒന്ന്)
- ഹിന്ദി സാഹിത്യ പ്രശ്നോത്തരി (രണ്ട് ആഴ്ചയിൽ ഒന്ന്)
- ദിവസവും പഠിക്കുന്ന ഹിന്ദി പുതിയ വാക്കുകളുടെ പ്രദർശന ബോർഡ്
- നിരന്തര മൂല്യനിർണ്ണയത്തിലൂടെ പഠനപുരോഗതി വിലയിരുത്തി
- തുടർപ്രവർത്തനങ്ങളുടെ ആസൂത്രണം
- ഹിന്ദി നോട്ട് ബുക്ക് സമഗ്രവും ആകർഷകവുമാക്കുക
- ഹിന്ദി വർത്തമാനപത്രം ലഭ്യമാക്കൽ
- ഐ.സി.ടിയുടെ കാര്യക്ഷമമായ ഉപയോഗം
- ഹിന്ദി പ്രവർത്തനം കാര്യക്ഷമമാക്കൽ
- ഹിന്ദി നാടകം,സ്കിറ്റ്,കോറിയോഗ്രാഫി

# അക്കാദമിക മാസ്റ്റർ പ്ലാൻ
# HS SCIENCE
# 2025-26

| ലക്ഷ്യം | പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ , പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക, അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ. | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, കൃഷിതോട്ടനിർമ്മാണം, മധുരവന നിർമ്മാണം, ജൈവവൈവിധ്യ പാർക്ക് ശലഭോദ്യാനം, ജൈവവളം, ജൈവകീടനാശിനി നിർമ്മാണം, ജലസംരക്ഷണരീതി പരിചയപ്പെടൽ, സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം "- ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശരിയായ രീതിയിൽ സംസ്കരിക്കൽ , | ഹൈസ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി സ്കൂളിൽ കൃഷിതോട്ടവും ഔഷധത്തോട്ടവും നിർമ്മിക്കുന്നു. **കണ്ടറിയാനൊരുയാത്ര- ഫീൽഡ് യാത്രകൾ /നേച്ചർ ക്യാമ്പ് /** കാർഷിക ഗവേഷണകേന്ദ്രം കണ്ടൽകാടുകൾ ഇവ സന്ദർശിക്കൽ. | ജൂൺ | സയൻസ് ക്ലബ് എക്കോക്ലബ് സയൻസ് അധ്യാപകർ<br><br>എസ് .എം. സി / പി റ്റി എ ,വിമുക്തി , ശുചിത്വ ക്ലബ് |
| ആരോഗ്യം_ കായികക്ഷമത ,ശു ചിത്വം - എന്നിവ പരിപോഷിപ്പിക്കൽ | ബോധവത്കരണ ക്ലാസുകൾ ,സെമിനാറുകൾ -ജങ്ക് ഫുഡും ജീവിതശൈലി രോഗങ്ങളും ,മാസ്റ്റ് സുമ്പ ,കൗമാര ആരോഗ്യത്തിനു ഫുഡ് പ്ലേറ്റും ശുചിത്വവും | | അക്കാദമികവർഷം | എസ് .എം. സി / പി റ്റി എ ,വിമുക്തി , ശുചിത്വ ക്ലബ് |

| | | | | |
|---|---|---|---|---|
| ലഹരി വിരുദ്ധ തലമുറയെ വാർത്തെടുക്കൽ | ബോധവത്കരണ ക്ലാസുകൾ ,സെമിനാറു കൾ,ലഹരി വിരുദ്ധ സംരക്ഷണ കവചം തീർക്കൽ | | അക്കാദമികവർഷം | |
| അദ്ഭുത കണ്ണിലൂടെ: കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക.<br>ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ളശേഷി വർദ്ധിപ്പിക്കുക | സയൻസ് ലാബ് സജ്ജീകരിക്കൽ<br>ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു.<br>മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br>ശാസ്ത്രപ്രദർശനം ശാസ്ത്രവിസ്മയചുവർ<br>ശാസ്ത്രപാഠവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമിക്കുന്നു. | സയൻസ് അധ്യാപകരുടെ സഹായത്താൽ ലഘു ശാസ്ത്രപരീക്ഷണങ്ങൾ നടത്തുന്നു.<br>വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തു ക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br>ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. ഹൈസ്കൂൾക്ലാസ്സുകളിലെ ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്രവിസ്മയചുവർ ശാസ്ത്രവിദഗ്ധരുടെ സഹായത്താൽ പഠനോപകരണ നിർമ്മാണ ശിൽപ്പശാല | ജൂൺ-ജൂലൈ<br>August-September<br>അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് സയൻസ് അധ്യാപകർ |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി | ശാസ്ത്ര ലൈബ്രറി ശാസ്ത്രമാഗസിൻ നിർമ്മാണം ശാസ്ത്രപതിപ്പ് തയ്യാറാക്കുന്നു<br>Project | ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കണ്ടുപിടുത്തങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനായി ശാസ്ത്രപുസ്തകങ്ങൾ ലഭ്യമാക്കി ശാസ്ത്രലൈബ്രറി സജ്ജമാക്കുന്നു ആനുകാലിക പ്രസക്തിയു | OCTOBER NOVEMBER DECEMBER | സയൻസ് ക്ലബ്ബ് സയൻസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| പ്രയോജനപ്പെടുത്തുക മാനവികതയിൽ ഊന്നി യുള്ള ശാസ്ത്ര ബോധം വളർത്തുക. | അഭിമുഖം | ളുവിഷയങ്ങളുമായി ബന്ധപ്പെട്ട് Research typeProject തയ്യാറാക്കുന്നു.മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. കുട്ടികളുടെആരോഗ്യമാനസിക വളർച്ചയ്ക്കാവശ്യമായ വിഷയങ്ങളിൽ വിദഗ്ധരുടെ ക്ലാസ്സുകൾ, അഭിമുഖം.ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | Health Club Science Club |
| ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു.പ്രതിഭാശാലിയായ വിദ്യാർഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കാൻ | വീഡിയോ പ്രദർശനം<br><br>സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവ സരം നൽകുന്നു | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾവീഡിയോ പ്രദർശനം പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻകണ്ടെത്തലുകളും പരിചയപ്പെടുന്നു. സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം JANUARY FEBRUARY | സയൻസ് അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

## മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

## Learn Math, Live Math, Love Math

**Vision**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**Mission**

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൾഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

# ഹെൽത്ത് & ഫിസിക്കൽ എഡ്യൂക്കേഷൻ

| ക്രമ നമ്പ : | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തിക എസ്റ്റിമേറ്റ്/ ബജറ്റ് |
|---|---|---|---|---|
| 1. | യോഗ ഡേ :<br><br>കുട്ടികൾക്ക് യോഗയുടെ പ്രാധാന്യത്തെക്കുറിച്ചു ള്ള ബോധവൽക്കരണം.<br>സുബ്രതോ കപ്പ്: മികച്ച കളിക്കാരെ പങ്കെടുപ്പിച്ചു ഫലം നേടുന്നത്. | യോഗ പരിശീലനം<br><br>സുബ്രതോ ഫുട്ബോൾ കപ്പ് ടീം രൂപീകരണം | ജൂൺ | |
| 2. | സ്പോർട്സ് ക്ലബ് രൂപീകരണം:<br><br>മത്സരങ്ങളിൽ മികച്ച ഫലം നേടുന്നതിനു വിവിധ ഗെയിമുകളുടെ ടീം രൂപീകരണം. | വിവിധ ഗെയിയിലേക്കുള്ള സെലെക്ഷൻ (ഫുട്ബോൾ, നെറ്റ്ബോൾ, ഖോ -ഖോ, ബേസ്ബോൾ, സോഫ്റ്റ്ബോൾ, ചെസ്സ്, ബാഡ്മിന്റൺ ) കോർട്ട് നവീകരണം | ജൂലൈ /ആഗസ്റ്റ് | |
| 3. | സ്പോർട്സ് ഡേ:<br><br>കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനു കുട്ടികളിൽ താല്പര്യം സൃഷ്ടിക്കുക, കഴിവ് കണ്ടെത്തി മത്സരങ്ങളിൽ പങ്കെടുപ്പിക്കുക. | സ്കൂളിലെ തയ്യാറെടുപ്പ്<br><br>വിവിധ ഗെയിമുകളുടെ മത്സരം | ആഗസ്റ്റ് | |
| 4. | സബ്ജില്ലാ, ജില്ലാ, സംസ്ഥാന മത്സരത്തിനുള്ള തയ്യാറെടുപ്പ് :<br><br>ശാരീരികവും | അത്ലെറ്റിക്സ്, ഗെയിംസ്, എന്നിവയ്ക്കുള്ള പരിശീലനം | സെപ്റ്റംബർ , ഒക്ടോബർ, നവംബർ | |

| | | | | |
|---|---|---|---|---|
| | മാനസികവും സാമൂഹികവുമായ ആരോഗ്യം വർദ്ധിപ്പിക്കുക, ടീം സ്പിരിറ്റ്,<br><br>സ്പോർട്സ്മാൻ സ്പിരിറ്റ് എന്നിവ ഉണ്ടാക്കിയെടുക്കുക. | | | |
| 5. | അസോസിയേഷൻ മത്സരത്തിനുള്ള തയ്യാറെടുപ്പ് :<br><br>കുട്ടികളെ പ്രചോദിപ്പിക്കാനും അവസരങ്ങൾ നേടാനും. | വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കാനുള്ള പരിശീലനം | നവംബർ, ഡിസംബർ, ജനുവരി | |
| 6. | മികച്ച കളിക്കാരനാകാനും മികച്ച വിജയം നേടാനും അടുത്ത അദ്ധ്യായന വർഷത്തിൽ മികച്ച ഫലം നേടുന്നതിനും | പ്രത്യേക പരിശീലനം നൽകൽ, സമ്മർ ക്യാമ്പുകൾക്കുള്ള തയ്യാറെടുപ്പ്. | ജനുവരി, ഫെബ്രുവരി | |

| വർക്ക് എഡ്യൂക്കേഷൻ | | | | |
|---|---|---|---|---|
| ക്രമ നമ്പ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തിക എസ്റ്റിമേറ്റ് |
| 1. | മുഴുവൻ കുട്ടികളെയും പഠനാനുഭവങ്ങളുടെ ഭാഗമാക്കൽ | ബൊക്ക നിർമ്മാണം, ജൈവ കൃഷി റോസ് വാട്ടർ നിർമ്മാണം, ICT സഹായത്തോടെ മോഡലുകളുടെ പ്രദർശനം | ജൂൺ, ജൂലൈ, ആഗസ്റ്റ് | |
| 2. | പ്ലാസ്റ്റിക്കിന് എതിരെയുള്ള പരിസ്ഥിതി സംരക്ഷണ | പ്ലാസ്റ്റിക് നിയന്ത്രിത ക്യാമ്പസ് , പേപ്പർ ക്യാരി ബാഗ്, ഉപയോഗ ശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗ വസ്തുക്കളുടെ നിർമ്മാണം, പ്ലാസ്റ്റിക് കവർ ഉപയോഗിച്ച് പൂക്കൾ, പഴയ കുപ്പി ഉപയോഗിച്ച് Echo Brics, പഴയ തുണികൊണ്ട് തുണി സഞ്ചി നിർമ്മാണം, ബാഗ് നിർമ്മാണം. | ആഗസ്റ്റ് - മാർച്ച് | |

| | | | | |
|---|---|---|---|---|
| 3. | ശുചിത്വ സംരക്ഷണം | സോപ്പ് നിർമ്മാണം, വെയിസ്റ്റ് ബാസ്കറ്റ്, പൊടി തട്ടി നിർമ്മാണം. | ജൂലൈ -സെപ്റ്റംബർ | |
| 4. | വസ്ത്രങ്ങൾ മോടി കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ | തുണിയിൽ ഫാബ്രിക് പെയിന്റ്, വെജിറ്റബിൾ പ്രിന്റ്, എംബ്രോയിഡറി വർക്ക് , സ്റ്റെൻസിൽ,ബ്ലോക്ക് എന്നിവ ഉപയോഗിച്ച് പ്രിന്റ് ചെയ്യൽ. | സെപ്റ്റംബർ - ഡിസംബർ | |
| 5. | ആഘോഷ വേളകൾ അലങ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ക്രിസ്മസ് സ്റ്റാർ, ട്രീ നിർമ്മാണം ഫ്ലവർ വേസ്, ആശംസ കാർഡ് എന്നിവയുടെ നിർമ്മാണം. | ജൂൺ -ജനുവരി | |
| 6. | ഓഫീസ് സ്റ്റേഷനറി | എൻവലപ്പ്, പൗച്ച്, ഫയൽ ഫോൾഡർ, എന്നിവയുടെ നിർമ്മാണം | ഒക്ടോബർ - മാർച്ച് | |